II. ശ്രദ്ധക്ഷണിക്കൽ

(1) ഇ. എസ്. ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം

ശ്രീ. എ. എ. അസീസ്: സർ, കേരളത്തിൽ ഒരു ലക്ഷത്തി നാൽപ്പത്തിയ യ്യായിരം തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെട്ടതാണ് ഇ. എസ്. ഐ. സ്കീം. സംസ്ഥാനത്തൊട്ടാകെ 136 ഡിസ്പെൻസറികളും 13 ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളികളിൽനിന്നും 1.75 ശതമാ നവും തൊഴിൽ ഉടമകളിൽനിന്ന് 4.75 ശതമാനവും അംശദായം ഈടാക്കി പ്രവർത്തിച്ചുവരുന്ന ഒരു ഡിപ്പാർട്ടുമെന്റാണ്. ഇ. എസ്. ഐ. ഡിസ്പെൻസറി കളുടേയും ആശുപത്രികളുടേയും ഭരണം നിയന്ത്രിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. ഇ. എസ്. ഐ. ലോക്കൽ ഓഫീസുകളുടേയും റീജിയണൽ ഓഫീസിന്റെയും ഭരണം നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. സംസ്ഥാന ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഡിസ്പെൻസറികളിലും ആശുപത്രി കളിലും ആവശ്യത്തിന് മരുന്നില്ല. ഡിസ്പെൻസറികളിൽ ചെല്ലുന്ന രോഗി കൾക്ക് ഡോക്ടർമാർ കുറിപ്പ് എഴുതി കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ കുറിപ്പ് വഴി മരുന്ന് എടുത്ത ഇനത്തിൽ മാർച്ച് മാസം മുതൽ ഏഴ് കോടി രൂപ തൊഴിലാളികൾക്ക് നൽകുവാനുണ്ട്. ഇപ്പോൾ ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ ചികിൽസയും മരുന്നും ലഭ്യമല്ല. ഇന്ന് അവിടെ ലീവ് സർട്ടിഫിക്കറ്റിന് വേണ്ടി ചെല്ലുന്ന രോഗികൾ മാത്രമാണുള്ളത്. ലീവിന്റെ കാര്യത്തിൽ വമ്പിച്ച അഴിമതിയാണ് ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ നടക്കുന്നത് എന്ന് മാത്രമല്ല കാൻസർ, ഹൃദ്രോഗം മുതലായ മാരക രോഗങ്ങ ളുമായി മെഡിക്കൽ കോളേജ് ആശുപത്രികളിലും ശ്രീചിത്രാ മെഡിക്കൽ സെന്ററിലും കാൻസർ സെന്ററിലും ചെല്ലുന്നവർക്ക് യഥാസമയം ചികിൽസ ലഭിക്കുന്നില്ല, ഇ. എസ്. ഐ. ഡിപ്പാർട്ടുമെന്റിൽനിന്നും പണം അടയ്ക്കാത്ത തിന്റെ പേരിൽ യഥാസമയം ഓപ്പറേഷനും നടത്തുന്നില്ല. ഗവൺമെന്റ് സ്പെഷ്യൽ ഓർഡർ നൽകിയതിനുപോലും ഇ. എസ്. ഐ. പണം അടച്ചിട്ടില്ല. ആയതിനാൽ ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ ചികിൽസ ഉറപ്പാക്കു കയും ആവശ്യത്തിന് മരുന്ന് നൽകുവാൻ സംസ്ഥാന ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കുകയും വേണം. തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും റീഇംപേഴ്സ്മെന്റ് ഇനത്തിൽ ഏഴുകോടി യിൽപ്പരം രൂപ അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇ. എസ്. ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഇ. എസ്. ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനങ്ങളിൽ പോരായ്മകൾ ഉണ്ടായിരുന്നു. പ്രധാനമായും മരുന്നിന്റെ ദൗർലഭ്യമാണ്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

വർഷം മുതൽ വളരെ വ്യത്യസ്തമായ പ്രൊസീഡ്യുവർ സ്വീകരിച്ചുകൊണ്ട് ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം മുതൽ മരുന്നില്ലാതിരിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനും ഒരു ഐ. പി.-ക്ക് എഴുപത് രൂപ വീതം കണക്കാക്കി പ്രത്യേക റിവോൾവിംഗ് ഫണ്ട് നീക്കിവയ്ക്കുന്ന ഒരു പുതിയ സംവിധാനത്തെക്കുറിച്ച് പരിശോധിക്കുകയാണ്. ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ മരുന്നില്ലാതെ വരുമ്പോൾ കൂടുതൽ തുകയ്ക്ക് വെളിയിൽ നിന്ന് മരുന്ന് വാങ്ങേണ്ടിവരുന്നതുകൊണ്ട് കുടിശ്ശികകൂടും. ആ കുടിശ്ശിക തീർക്കുന്നതിനായിട്ട് ഒരു കോടി അമ്പത്തിരണ്ട് ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. അതു കൂടാതെ സപ്ലിമെന്ററി ഡിമാന്റ് വഴി അഞ്ച് കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. ഒരു പക്ഷേ ഈ ഡിപ്പാർട്ട്മെന്റിന്റെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും അഞ്ചുകോടി രൂപ സപ്ലിമെന്ററി ഡിമാന്റിലൂടെ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. മരുന്നുകളുടെ ദൗർലഭ്യം ഈ വർഷം മുതൽ പരമാവധി ഒഴിവാക്കുന്നതിന് എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. മരുന്ന് എത്തിക്കുന്നതിനാവശ്യമായ വാഹന സൗകര്യം ഇല്ലാതിരുന്നു. രണ്ട് വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. മറ്റൊന്ന് പറഞ്ഞത് സ്പെഷ്യൽ ചികിൽസ ലഭിക്കുന്നതിന് ആവശ്യമായ ഫണ്ടിന്റെ പോരായ്മയാണ്. കഴിഞ്ഞ ആറേഴു മാസത്തിനിടയ്ക്ക് അത്യാവശ്യം വേണ്ടുന്ന ഓപ്പറേഷൻസോ മറ്റ് ചികിൽസയ്ക്കോ പണം ലഭ്യമില്ലാതായിട്ടുള്ള ഒരു കേസും ഉണ്ടായിട്ടില്ല. അത് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അമൃതാനന്ദമയി ഇൻസ്റ്റിറ്റ്യൂട്ടുമായി ഞങ്ങൾ നേരത്തെ സംസാരിച്ചു. അത്യാവശ്യത്തിന് ഒരു ഓപ്പറേഷൻ വേണ്ടിവന്നാൽ അവരത് ചെയ്യുന്നുണ്ട്. കുറേ കുടിശ്ശിക കൊടുക്കുവാനുണ്ടെങ്കിലും അവരുമായി ചർച്ച ചെയ്തതിന്റെ ഫലമായി ഒരു ഓപ്പറേഷനും മാറ്റിവയ്ക്കുന്നില്ല. പണമടയ്ക്കുന്നില്ല എന്ന കാരണത്താൽ ഓപ്പറേഷൻ മാറ്റിവയ്ക്കുന്ന സ്ഥിതി ഒഴിവാക്കിയിട്ടുണ്ട്. കുടിശ്ശികയുടെ നല്ലൊരു അളവോളം കൊടുത്തുതീർത്തിട്ടുണ്ട്. ഈ വർഷം മുതൽ റിവോൾവിംഗ് ഫണ്ട് എന്നുള്ള നിലയിൽ ഒരു പ്രത്യേക ഫണ്ട് അതിനുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിന്റെ വിഹിതം മാത്രം ചെലവാക്കി ഇത് ചെയ്തുകൊണ്ടിരിക്കുന്നതാണ്. ട്രഷറി ബാനൊക്കെ ഈ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. അതിൽനിന്നെല്ലാം ഒരു മാറ്റം എന്ന നിലയിൽ ഒരു പ്രത്യേക റിവോൾവിംഗ് ഫണ്ട്, മരുന്നു വാങ്ങുന്നതിനും അത്യാവശ്യ ചികിൽസയ്ക്കും വേണ്ടി പ്രത്യേകം പണം വക കൊള്ളിച്ചുകൊണ്ടുള്ള സംവിധാനം ഈ വർഷം മുതൽ ഞങ്ങൾ പരീക്ഷിക്കുകയാണ്. അത് വളരെ ഫലപ്രദമായി കണ്ടുതുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഈ വർഷം മുതൽ കൂടുതൽ മരുന്ന് വെളിയിൽനിന്ന് വാങ്ങുന്നതിന് എഴുതിക്കൊടുക്കേണ്ടിവരികയില്ല. ഡിസ്പെൻസറികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ ശ്രമവും നടത്തും. അഴിമതി നടക്കുന്നതായിട്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചു. പ്രത്യേക കേസുകൾ ചൂണ്ടിക്കാണിച്ചാൽ കർശന നടപടി സ്വീകരിക്കുകയും ഇന്റലിജൻസ് വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: മന്ത്രി പറഞ്ഞ ഒരു കാര്യം ശരിയല്ല. ലേബർ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനഫലമായിട്ട് ഒരു ലക്ഷം രൂപയുടെ സ്പെഷ്യൽ ഓർഡറുമായിട്ട് ഓപ്പറേഷന് വിധേയമാകേണ്ട ഒരു രോഗി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ചെന്നപ്പോൾ പണം ലഭ്യമല്ല, പണം അടഞ്ഞതില്ല എന്ന കാരണത്താൽ നിഷേധിക്കുകയാണ്. ആ കാര്യം ഞാൻ ഡയറക്ടർ ഓഫ് ഇൻഷ്വറൻസിന്റെയും അതുപോലെ റീജിയണൽ ഡയറക്ടറുടേയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ശ്രീ. ബാബു ദിവാകരൻ: സർ, പണം അനുവദിക്കുന്നത് ഓരോ ക്വാർട്ടർ അനുസരിച്ചാണ്. ചിലപ്പോൾ മുപ്പതാം തീയതി ആ ക്വാർട്ടർ തീരുന്ന മുറയ്ക്ക് ആയിരിക്കും ആ പർട്ടിക്കുലർ കേസ് വന്നത്. അങ്ങനെയാണെങ്കിൽ ഒന്നാം തീയതി തുടങ്ങുന്ന ക്വാർട്ടറിൽ അത് കൊടുക്കുന്നതാണ്. മെഡിക്കൽ കോളേജിൽ ആയതുകൊണ്ടായിരിക്കും ഈ സ്ഥിതി വന്നത്. ശ്രീചിത്രയിലോ മറ്റ് ഏതെങ്കിലും ആശുപത്രികളിലോ ആണെങ്കിൽ കുറച്ചുകൂടി നല്ല റിലേഷൻ ഉണ്ട്. മെഡിക്കൽ കോളേജാണെങ്കിൽ നമുക്കറിയാം നിയമം പറഞ്ഞ് അവർ നിൽക്കും. ഇങ്ങനെ ഏതെങ്കിലും കേസ് എന്റെ ശ്രദ്ധയിൽപ്പെടുന്നതുണ്ടെങ്കിൽ അപ്പപ്പോൾ പ്രത്യേകം ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കും.

(2) മണൽപ്പുറങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

ശ്രീമതി മാലേത്ത് സരളാദേവി: സർ, പത്തനംതിട്ട ജില്ലയിലെ അയിരൂർ ചെറുകോൽപ്പുഴ മണൽപ്പുറവും മാരാമൺ മണൽപ്പുറവും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വളരെയധികം വിലപ്പെട്ടതാണ്. അമിതമായ മണൽവാരൽ തടയാൻ അധികൃതർ ശ്രമിച്ചുകാണുന്നില്ല എന്ന കാര്യം ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നുള്ളതാണ് ഞാൻ ഉദ്ദേശിക്കുന്നത്. 108 വർഷത്തിനുമുമ്പ് ആദ്ധ്യാത്മിക കൺവെൻഷൻ തുടങ്ങിയ ഏഷ്യയിലെ ഏറ്റവും പ്രസിദ്ധമായ ക്രിസ്തീയ കൺവെൻഷൻ നടക്കുന്ന ആദ്ധ്യാത്മികമായ പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്ന ജനങ്ങൾ എത്തിച്ചേരുന്ന സ്ഥലമാണ് മാരാമണിലെ മണൽപ്പുറം. അവിടെവന്ന് പ്രസംഗിക്കുന്ന ആളുകൾ പറയുന്നതുകേട്ട് ഒരാഴ്ചക്കാലത്തോളം നടക്കുന്ന കൺവെൻഷനിലെ പ്രഭാഷണങ്ങൾ മനുഷ്യ മനസ്സിന്റെ അന്തഃകരണങ്ങളിൽ സമാധാനത്തിന്റെ വിത്ത് പാകിക്കൊണ്ട് കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. മരവിച്ച മനുഷ്യത്വത്തെ മാപ്പുസാക്ഷികളാക്കി കടന്നുപോകുന്ന ദിനരാത്രങ്ങളിൽക്കൂടി നൂറ്റാണ്ടുകൾ ഇഴഞ്ഞു നീങ്ങുമ്പോൾ ആ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന നമ്മെ എല്ലാവരെയും കൂടുതൽ ചിന്താകുലരാക്കി വ്യാഖ്യാനിക്കപ്പെടുന്ന ഒരു ജനതതി ഇവിടെ വളർന്നു വന്നുക്കൊണ്ടിരിക്കുമ്പോൾ, സ്വാമി വിവേകാനന്ദജിയുടെ ഭാഷയിൽപ്പറഞ്ഞാൽ "Up India and conquer the world with spirituality", അല്ലയോ! ഭാരതമേ ഉണർന്നെഴുണീറ്റ് ആദ്ധ്യാത്മികതകൊണ്ട് കീഴടക്കിയാലും. ഈ ലോകത്തെ കീഴടക്കുന്നതിന് ദൈവവിചാരം മാത്രമേയുള്ളൂ എന്ന് നമ്മളും വിശ്വസിക്കുന്നു. മാരാമൺ മണൽപ്പുറത്ത് നിന്നുൾപ്പെടെ അമിതമായിട്ട് മണൽ ശേഖരിച്ചുകൊണ്ട് കടന്നുകളയുന്ന

LIBRARY ARCHIVES Kerala Legislative Assembly